"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ജീവനകാര്യം - ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ സ്ഥലംമാറ്റം / നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

**G.O.(Rt)No.191/2024/POWER** തീയതി,തിരുവനന്തപുരം, 14-10-2024

---

പരാമർശം:-

1. സ.ഉ.(സാധാ.) നം. 98/2023/പവർ തീയതി: 02.06.2023.
2. 09.07.2024-ന് കൂടിയ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി മീറ്റിംഗ് .
3 സ.ഉ.(സാധാ.) നം. 86/2024/പവർ തീയതി: 22.05.2024.
4. സ.ഉ.(സാധാ.) നം. 168/2024/പവർ തീയതി: 09.09.2024.
5. ചീഫ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറുടെ 01.10.2024-ലെ സി.ഇ.ഐ/6717/2023-ഇ2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിജിലൻസ് ട്രാപ് കേസിൽ അറസ്റ്റിലായ ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ കോട്ടയം ജില്ലാ കാര്യാലയത്തിലെ ഇലക്‌ട്രിക്കൽ ഇൻ സ്പെക്ടറായിരുന്ന ശ്രീ.സോമൻ കെ.കെ.-യെ പരാമർശം 1-ലെ ഉത്തരവ് പ്രകാരം വേലവിലക്ക് ഏർപ്പെടുത്തിയിരുന്നു. സസ്പെൻഷൻ റിവ്യൂ കമ്മിറ്റി മീറ്റിംഗിന്റെ പരാമർശം
2-ലെ ശിപാർശ പരിഗണിച്ച് സസ്പെൻഷനിലുള്ള ടിയാനെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ചും ടിയാനെ കോട്ടയം ജില്ലക്ക് പുറത്ത് നിയമിക്കാനുള്ള ശിപാർശ സർക്കാരിൽ സമർപ്പിക്കുവാൻ ചീഫ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയും പരാമർശം-4 പ്രകാരം ഉത്തരവായിരുന്നു.

2. ആയതിൻ പ്രകാരം തിരുവനന്തപുരം ചീഫ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഇലക്‌ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ആൽഡസ് മാത്യൂ (PEN-311346) നെ കോട്ടയം ജില്ലാ ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന ജില്ലാ ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറുടെ ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നതിനും ടി സ്ഥലംമാറ്റം മുഖേന തിരുവനന്തപുരം ചീഫ് ഇലക്‌ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ

ഉണ്ടാകുന്ന ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഒഴിവിലേക്ക് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.സോമൻ കെ.കെ. (PEN-276358)-യെ നിയമിക്കുന്നതിനും ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം-5 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ആൽഡസ് മാത്യു (PEN 311346) നെ കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ നിലവിൽ ഒഴിവുള്ള ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ തസ്തികയിലേക്ക് സ്ഥലംമാറ്റം നല്കി നിയമിച്ചുകൊണ്ടും ടി സ്ഥലംമാറ്റം മുഖേന തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ നിലവിൽ വരുന്ന ഇലക്ട്രിക്കൽ ഇൻ സ്പെക്ടർ തസ്തികയിലെ ഒഴിവി ൽ ശ്രീ.സോമൻ കെ.കെ. (PEN-276358)-യെ നിയമിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREETHY C S

JOINT SECRETARY

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക് (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള,
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 14-10-2024 11:08:47

സെക്ഷൻ ഓഫീസർ